"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സ്ഥലസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് നം 15-ൽ റീസർവ്വേ നം 333/18-4, 333/18-5-2, 333/18 3-2 ൽ ഉൾപ്പെട്ട 12.14 ആർ വസ്തു ഉഭയസമ്മതപ്രകാരം വിലയ്ക്ക് വാങ്ങുന്നതിന് വള്ളികുന്നം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.309/2025/LSGD          തീയതി, തിരുവനന്തപുരം, 31-01-2025**

---

പരാമർശം:-

1. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ.
2. സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ, തീയതി, 28/05/2022.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ-യുടെ 16/07/2022-ലെ സി3/7087/2022/കെ.ഡിസ് നമ്പർ നടപടിക്രമം.
4. തഹസിൽദാർ മാവേലിക്കര-യുടെ 23/08/2022-ലെ കെ.ഡിസ്.8222/22/സി2 നമ്പർ വില നിർണ്ണയ സാക്ഷ്യപത്രം.
5. വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/05/2023, 25/11/2024 എന്നീ തീയതികളിലെ യഥാക്രമം 8(1), 1 (1) നമ്പർ തീരുമാനങ്ങൾ
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/09/2023-ലെ LSGD/PD/51304/2023-REV5 നമ്പർ കത്ത്.
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ യോഗത്തിന്റെ 4.10 നമ്പർ തീരുമാനം.
8. വള്ളികുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/11/2024-ലെ 400450/AMLD01/GPO/2023/4185/(11) നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സ്ഥലസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്ത് കാര്യാലയത്തിന് സമീപത്തായി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് നം 15-ൽ റീസർവ്വേ നം 333/18-4, 333/18-5-2, 333/18-3-2 എന്നിവയിൽ ഉൾപ്പെട്ടതുമായ വസ്തു ആർജ്ജിക്കുന്നതിന് വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/05/2023-ലെ പരാമർശം (5) തീരുമാന പ്രകാരം നിശ്ചയിക്കുകയുണ്ടായി.

2) വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ തുടർ വികസനത്തിനായി 30 സെന്റ് വസ്തു വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ അവസാനഭാഗത്ത് 30 സെന്റ് വസ്തു എന്നാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും അതിന്റെ ആദ്യഭാഗത്ത് 30 സെന്റിന് തുല്യമായ 12.14 ആർസ് എന്നതിനുപകരം 10.12 ആർസ് എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഈ തെറ്റ് തിരുത്തി 10.12 ആർസ് എന്നത് 12.14 ആർസ് എന്നാക്കി ക്രമപ്പെടുത്തുന്നതിന് 25/11/2024 തീയതിയിലെ പരാമർശം (5) ഭരണസമിതി യോഗം ഏകകണ്ഠമായി തീരുമാനിക്കുകയുണ്ടായി. കൂടാതെ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ തുടർവികസനത്തിനായി 12.14 ആർസ് സ്ഥലം വിലയ്ക്ക് വാങ്ങുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം (8) പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അപേക്ഷിക്കുകയുണ്ടായി.

3) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരമാർശം (3) നടപടിക്രമം പ്രകാരം പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട വിപുലീകരണത്തിന് അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാവേലിക്കര തഹസിൽദാർ നൽകിയിട്ടുള്ള പരാമർശം (4) വില നിർണ്ണയ സാക്ഷ്യപത്രം പ്രകാരം ടി വസ്തുവിന് സെന്റിന് 2,00,808/- രൂപ വില നിശ്ചയിച്ച് നല്കാവുന്നതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

4) വികസന ആവശ്യങ്ങൾക്ക് വസ്തു ആർജ്ജിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരം പരാമർശം (1) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നല്കുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരാമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30% വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണെന്നും എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നിൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായി പ്രമേയം അംഗീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/05/2023-ലെ പരാമർശം (5) തീരുമാനത്തിൽ ആറ് അംഗങ്ങൾ വിയോജനം രേഖപ്പെടുത്തിയതിനാൽ പരമാർശം (2) സർക്കാർ ഉത്തരവിലെ ഏകകണ്ഠം എന്ന വ്യവസ്ഥ പാലിക്കാൻ സാധിച്ചിട്ടില്ല.

5) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024 യോഗത്തിൽ ഇക്കാര്യം പരിഗണിക്കുകയും പരമാർശം (7) തീരുമാനപ്രകാരം, സ്ഥലം വാങ്ങുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ, ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട വിപുലീകരണത്തിന് വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 5, റീ സർവ്വേ നമ്പർ 333/18-4, 333/18-5-2, 333/18-3-2 എന്നിവയിൽപ്പെട്ട വസ്തു സെന്റിന് 2,49,000/- രൂപ നിരക്കിൽ വില നൽകി ആർജ്ജിക്കുവാൻ വള്ളികുന്ന് ഗ്രാമപഞ്ചായത്തിന്

പ്രത്യേക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സ്ഥലസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്ത് കാര്യാലയത്തിന് സമീപത്തായി ശ്രീ. പ്രസന്നകുമാരൻ ഉണ്ണിത്താന്റെ ഉടമസ്ഥതയിലുള്ളതും മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് നം 15-ൽ റീസർവ്വേ നം 333/18-4, 333/18-5-2, 333/18-3-2 എന്നിവയിൽ ഉൾപ്പെട്ടതുമായ 31.77 ആർ ഭൂമിയിൽ നിന്നും 12.14 ആർ ഭൂമി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ വസ്തു ആർജ്ജിക്കുന്നത് സംബന്ധിച്ച ചട്ടം 3, 5 പ്രകാരവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗത്തിന്റെ 4.10 നമ്പർ തീരുമാനം പ്രകാരവും ഉഭയകക്ഷി കരാർ വ്യവസ്ഥ പ്രകാരം വാങ്ങുന്നതിന് ചുവടെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ വള്ളികുന്ന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇത് സംബന്ധമായി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെയും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗത്തിന്റെ 4.10 നമ്പർ തീരുമാനത്തിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.
2. മേൽ അക്വിസിഷൻ സംബന്ധമായി ഭാവിയിൽ സർക്കാരിന് യാതൊരുവിധ സാമ്പത്തിക/നിയമ വ്യവഹാര ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, ആലപ്പുഴ.
സെക്രട്ടറി, വള്ളികുന്നം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
റവന്യൂ വകുപ്പ് (REV-B3/200/2024-REV dated 12/11/2024)
നിയമ വകുപ്പ് (OPN-D3/223/2023/LAW dated 06.12.2023)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് (D.A1/444/2023/LSGD dated 07/09/2024).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പ് (ആർ.ഇ1/367/2023/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 01-02-2025 15:02:23
സെക്ഷൻ ഓഫീസർ